പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1339

06/03/2020 ൽ
മറുപടിയ്ക്ക്

## തിക്കോടി തെങ്ങിൻ തൈ വളർത്തുകേന്ദ്രത്തിലെ വികസനപ്രവർത്തനങ്ങൾ

| ചോദ്യം<br>**ശ്രീ.കെ.ദാസൻ** | മറുപടി<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തിക്കോടി തെങ്ങിൻ തൈ വളർത്തുകേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയത്; വിശദമാക്കുമോ; | **എ)** കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തിക്കോടി തെങ്ങിൻ തൈ വളർത്തുകേന്ദ്രത്തിൽ ഈ സർക്കാർ വന്നതിനുശേഷം നിരവധി ആയ വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **ബി)** പ്രസ്തുത തെങ്ങിൻ തൈ വളർത്തു കേന്ദ്രത്തെ വികസിപ്പിക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങളോ പദ്ധതികളോ നടത്താൻ കൃഷി വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | **ബി)** നഴ്സറിയിൽ നിലവിൽ 78581 എണ്ണം വിത്തു തേങ്ങകൾ പാകിയതിൽ നിന്നും 50,000-ൽ അധികം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ 2020 നടീൽ സീസണിൽ ലഭ്യമാക്കുന്നതിന് കഴിയും. കൂടാതെ 2020-ൽ പാകുന്നതിനായി 99000 വിത്തു തേങ്ങ സംഭരണ കേന്ദ്രങ്ങളിൽ നിന്നും തിക്കോടി നഴ്സറിയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നഴ്സറിയിലെ നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധിക സംവിധാനങ്ങൾ ഏർപ്പാടാക്കുന്നതിനും വേണ്ടി കോക്കനട്ട് കൗൺസിൽ പദ്ധതി പ്രകാരം 20 ലക്ഷം രൂപ കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്.<br>2020 ജൂൺ മാസത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതിയായ "ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണ"ത്തിന്റെ ഭാഗമായുള്ള നടീൽ വസ്തുക്കൾ തിക്കോടി തെങ്ങിൻ തൈ വളർത്തു കേന്ദ്രത്തിലും ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

2016-17 വർഷം പുതിയ ഇനം അലങ്കാര ചെടികൾ, ഫലവൃക്ഷതൈകൾ എന്നിവ വാങ്ങുന്നതിനും വെർട്ടിക്കൽ ഗാർഡൻ നിർമ്മിക്കുന്നതിനുമായി 1 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക വിനിയോഗിച്ച് ഫാമിന്റെ ആകർഷണീയത വർദ്ധിപ്പിക്കുകയും കൂടുതൽ ആളുകളെ ഫാമിലേയ്ക്ക് ആകർഷിപ്പിച്ച് നടീൽ വസ്തുക്കളുടെ വില്പനയിലൂടെ വരുമാനം വർദ്ധിപ്പിക്കുവാനും സാധിച്ചു. ഇതിനു പുറമെ കർഷകർക്ക് മികച്ചയിനം ഹൈബ്രിഡ് പച്ചക്കറി പോർട്രൈ തൈകളും മികച്ചയിനം വിത്തും, വിവിധങ്ങളായ അലങ്കാര ചെടികളും ഫലവൃക്ഷത്തൈകളും ലഭ്യമാക്കുന്നതിനായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് 3.36136 ലക്ഷം രൂപ ചെലവഴിച്ചു. ജില്ലാ പഞ്ചായത്ത് ഫാമിന്റെ സൗന്ദര്യവല്ക്കരണത്തിനായി അനുവദിച്ച 14.86183 ലക്ഷം രൂപ പ്രയോജനപ്പെടുത്തി ഫാമിന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. നഴ്സറി ഷെഡ് നവീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് 2 ലക്ഷം രൂപയും 2016-17 വർഷം അനുവദിച്ചിരുന്നു.

2017-18 വർഷം തിക്കോടി തെങ്ങിൻ തൈ വളർത്തു കേന്ദ്രത്തിന് കൃഷി വകുപ്പിൽ നിന്നും 3.22 ലക്ഷം രൂപ അനുവദിയ്ക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് അലങ്കാര മത്സ്യ കൃഷി, തേനീച്ച വളർത്തൽ, വിവിധ ഇനം കുരുമുളക് ഇനങ്ങളുടെ നൂതന രീതിയിലുള്ള പ്രജനനം, വെർട്ടിക്കൽ ഗാർഡൻ എന്നീ പ്രവർത്തനങ്ങൾ ഫാമിൽ നടപ്പിലാക്കി. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഫാമിലെ ദൈനംദിന ഉല്പാദനോപാധികൾ വാങ്ങുന്നതിനായി 1.5 ലക്ഷം രൂപയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 36,500 രൂപയും ഫാം നഴ്സറി ഷെഡ് നവീകരണത്തിനായി 6.50 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

2018-19 സാമ്പത്തിക വർഷം കൃഷി വകുപ്പ് അനുവദിച്ച 80,000 രൂപ ഹൈപ്രഷർ പമ്പ്, അലങ്കാര മത്സ്യ പ്രജനന ഷെഡിന്റെ മേൽക്കൂര നിർമ്മാണം എന്നിവയ്ക്കായി പ്രയോജനപ്പെടുത്തി. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഫാമിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുന്ന ഉത്പാദനോപാധികളുടെ വാങ്ങലുകൾക്കായി 1.5 ലക്ഷം രൂപയും സി.സി.ടി.വി സ്ഥാപിക്കുന്നതിന് 96,733 രൂപയും സ്റ്റാഫ് ക്വാർട്ടേഴ്സ് അറ്റകുറ്റ പണികൾക്കായി 3.49374 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

2019-20 വർഷം കൃഷി വകുപ്പ് വിവിധങ്ങളായ ഉല്പാദനോപാധികൾ വാങ്ങുന്നതിനും ഫാമിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 50,000 രൂപ അനുവദിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഹൈബ്രിഡ് പച്ചക്കറികളുടെ ഉല്പാദനത്തിനും നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനുമായി 1.5 ലക്ഷം രൂപയും തെങ്ങിൻ തൈ നഴ്സറിയുടെ അറ്റകുറ്റപ്പണികൾക്കായി 6 ലക്ഷം രൂപയും ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 15 ലക്ഷം രൂപയും സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 27 ലക്ഷം രൂപയും അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ